ഹദീസ്

കെ.സി ജലീൽ പുളിക്കൽ

# സാക്ഷാൽക്കരിക്കപ്പെടേണ്ടത് ഈ പ്രതിജ്ഞയാണ്

عَنْ عُبَادَةَ بْنِ الصَّامِتِ رَضِيَ اللهُ عَنْهُ : بَايَعْنَا رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ عَلَى السَّمْعِ وَالطَّاعَةِ فِي النَّشَاطِ وَالْكَسَلِ وَعَلَى النَّفَقَةِ فِي الْيُسْرِ وَالْعُسْرِ وَعَلَى الْأَمْرِ بِالْمَعْرُوفِ وَالنَّهْيِ عَنِ الْمُنْكَرِ وَعَلَى أَنْ نَقُولَ فِي اللهِ تَعَالَى وَلَا نَخَافُ لَوْمَةَ لَائِمٍ .

**ഉബാദത്തു ബ്നു സ്വാമിതി(റ)ൽനിന്ന്: "ഉന്മേഷമുള്ളപ്പോഴും ആലസ്യമുള്ളപ്പോഴും ദൈവദൂതനെ കേട്ടനുസരിക്കുമെന്നും സാമ്പത്തിക പ്രയാസമുള്ളപ്പോഴും പ്രയാസമില്ലാതിരിക്കുമ്പോഴും ധനവ്യയം ചെയ്യുമെന്നും നന്മ കൽപിക്കുകയും തിന്മ നിരോധിക്കുകയും ചെയ്യുമെന്നും അല്ലാഹുവിന്റെ കാര്യത്തിൽ സത്യം തുറന്നു പറയുമെന്നും ഇക്കാര്യത്തിൽ ഒരു ആക്ഷേപകന്റെ ആക്ഷേപത്തെയും ഭയപ്പെടുകയില്ലെന്നും ഞങ്ങൾ ദൈവദൂതനോട് പ്രതിജ്ഞയെടുക്കുകയുണ്ടായി" (അഹ്മദ്).**

ഇസ്‌ലാമിക സമൂഹത്തിന്റെ കരുത്തുറ്റ വിശ്വാസവും കെട്ടുറപ്പും ഭദ്രതയും ദൗത്യവും ലക്ഷ്യബോധവും ഉദാരതയും ക്ഷേമോത്സുകതയും വിജയരഹസ്യവുമെല്ലാം ഉൾക്കൊണ്ടിട്ടുണ്ട് ഈ പ്രതിജ്ഞയിൽ. ആദർശവാക്യം ഉച്ചരിച്ച് ഇസ്‌ലാമിക സമൂഹത്തിൽ പ്രവേശിച്ചവരിൽനിന്നാണ് ദൈവദൂതൻ ഈ പ്രതിജ്ഞ വാങ്ങുന്നത്. അധർമവും അനീതിയും അക്രമവും കൊടികുത്തി വാണിരുന്ന ഇരുണ്ട യുഗത്തെ വിജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ധർമത്തിന്റെയും നീതിയുടെയും പ്രകാശപൂരിതമായ പുതുയുഗത്തിലേക്ക് ഗതി തിരിച്ചുവിട്ട സമാനതകളില്ലാത്ത മാറ്റത്തിന്റെ അച്ചുതണ്ടായി വർത്തിച്ചത് ഈ പ്രതിജ്ഞയുടെ സാക്ഷാൽക്കാരമായിരുന്നു.

അന്ത്യപ്രവാചകൻ നേരിട്ട് ഖുർആനിക ശിക്ഷണം നൽകി വളർത്തിയെടുത്ത സ്വഹാബികൾ അന്ത്യനാൾ വരെയുള്ള വിശ്വാസികൾക്ക് മാതൃകയാണല്ലോ. അതിനാൽ എക്കാലത്തെയും വിശ്വാസികൾക്ക് ഈ പ്രതിജ്ഞ ബാധകവുമാണ്. 'ഞങ്ങൾ ദൈവദൂതനോട് ബൈഅത്ത് ചെയ്തു' എന്ന വാക്യം അതീവ ഗൗരവമുള്ളതാണ്. സാധാരണ ചടങ്ങുകളിലും പ്രത്യേക സന്ദർഭങ്ങളിലും നടത്തപ്പെടുന്ന പ്രതിജ്ഞയല്ല ഈ ബൈഅത്ത്. അല്ലാഹുവിന്റെ ദൂതനോടുള്ള ബൈഅത്ത് അല്ലാഹുവിനോടുള്ള ബൈഅത്ത് തന്നെയാണ്' (*അൽ ഫത്ഹ്* 10). ഇതിൽപരം ഗൗരവമുള്ള മറ്റേത് ഉടമ്പടിയാണുള്ളത്! ഒരു വിശ്വാസിക്ക് എപ്പോഴെങ്കിലും ഈ കരാർ ലംഘിക്കാനാകുമോ?

'ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യും' എന്നാണ് പ്രതിജ്ഞയിലെ ആദ്യവാക്യം. ആരെയാണ് കേട്ടനുസരിക്കുന്നത്? അല്ലാഹുവെയും അവന്റെ ദൂതനെയും, അഥവാ സ്രഷ്ടാവും യജമാനനും ഉടസ്ഥനും എല്ലാം നൽകി സംരക്ഷിച്ചു വളർത്തുന്നവനുമായ അല്ലാഹു. അവന്റെ ദൂതൻ അറിയിച്ചതെന്തും നിരുപാധികം അനുസരിക്കാൻ വിശ്വാസികൾ ബാധ്യസ്ഥരാണ്. ഇക്കാര്യം ഖുർആൻ വ്യക്തമാക്കുന്നുണ്ട് (*അന്നിസാഅ്:* 65).

മദീനയിലെ ഈത്തപ്പഴ വാർഷിക വിളവെടുപ്പു സമയം. കടുത്ത ചൂട്, ക്ഷാമം... ഇതെല്ലാം ഒന്നിച്ചു വന്ന അവസരത്തിലാണ് അങ്ങകലെ തബൂക്കിലേക്ക് യുദ്ധത്തിന് പുറപ്പെടാൻ പ്രവാചകൻ ആജ്ഞാപിക്കുന്നത്. ചിലരെങ്കിലും അൽപം വൈമനസ്യം പ്രകടിപ്പിച്ചപ്പോഴതാ ഖുർആന്റെ കടുത്ത ശാസന: "വിശ്വസിച്ചവരേ, നിങ്ങൾക്കെന്തു പറ്റി! അല്ലാഹുവിന്റെ മാർഗത്തിലിറങ്ങിത്തിരിക്കാനാജ്ഞാപിക്കപ്പെട്ടപ്പോഴതാ നിങ്ങൾ ഭൂമിയിലേക്ക് കനത്തു തൂങ്ങുന്നു. പരലോകത്തിന് പകരം ഇഹലോക ജീവിതം കൊണ്ട് നിങ്ങൾ സംതൃപ്തരായോ?" (*അത്തൗബ*: 38).

'നന്മ കൽപിക്കുകയും തിന്മ നിരോധിക്കുകയും ചെയ്യും' - ഇതാണ് ബൈഅത്തിലെ അടുത്ത ഭാഗം. ഇസ്‌ലാമിക സമൂഹത്തിന്റെ നിയോഗ ലക്ഷ്യം തന്നെയാണിത്. അല്ലാഹുവിന്റെ സൃഷ്ടികളായ മനുഷ്യരെ ഗുണകാംക്ഷയോടെ, അവർക്കു തന്നെ അപകടകരമായ തിന്മയുടെ മാർഗത്തിൽനിന്ന് രക്ഷിച്ചെടുത്ത്, ഇരുലോകത്തും സമാധാനവും ക്ഷേമൈശ്വര്യങ്ങളും നൽകുന്ന സരണിയിലേക്ക് കൊണ്ടുവരണം. ഏറെ ത്യാഗവും അർപ്പണബോധവും സ്ഥൈര്യവും ആവശ്യമായ ദൗത്യമാണിത്. ഈ ഉത്തരവാദിത്വ നിർവഹണത്തിന്റെ അഭാവത്തിൽ ഇരുലോകത്തും ശിക്ഷയേൽക്കേണ്ടിവരും ഇസ്‌ലാമിക സമൂഹത്തിന്.

'അല്ലാഹുവെ സംബന്ധിച്ച് സത്യസന്ധമായി, നിർഭയം കാര്യങ്ങൾ തുറന്നു പറയും, അക്കാര്യത്തിൽ ആരുടെയും അനിഷ്ടമോ വിരോധമോ ഒരിക്കലും ഭയപ്പെടുകയില്ല' എന്നതാണ് ഉടമ്പടിയിലെ അവസാന ഭാഗം. ഇസ്‌ലാമിക സമൂഹത്തിന്റെ കരുത്തിന്റെയും അസാമാന്യ ധൈര്യത്തിന്റെയും നിസ്തുല വിജയത്തിന്റെയും പ്രഭവകേന്ദ്രം ഇക്കാര്യം തന്നെയാണ്. എല്ലാ ദൈവദൂതന്മാരും എക്കാലവും പ്രഖ്യാപിച്ച വിശുദ്ധ വചനം, ഏകാധിപതികളെയും സ്വാർഥമൂർത്തികളെയും വിറപ്പിച്ച വചനം, മാനവവിമോചനത്തിന്റെയും വിശ്വസ്വാതന്ത്ര്യത്തിന്റെയും വിളംബര വചനം. അന്ത്യപ്രവാചകന്റെ ആദ്യകാലത്തെ നിലപാടിൽനിന്ന് ഇത് വ്യക്തമായി മനസ്സിലാക്കാം. ഏകദൈവത്വ സിദ്ധാന്തത്തിൽ ചെറിയ നീക്കുപോക്ക് നടത്താൻ തയാറായാൽ എല്ലാ എതിർപ്പും അവസാനിപ്പിച്ച് എല്ലാ ആനുകൂല്യങ്ങളും നൽകാമെന്ന് വാഗ്ദാനം ചെയ്ത ഖുറൈശികളോട് 'വലതു കൈയിൽ സൂര്യനും ഇടതു കൈയിൽ ചന്ദ്രനും വെച്ച് തന്നാൽ പോലും ഒരിക്കലും ഈ ആദർശത്തിൽനിന്ന് പിന്നോട്ടില്ല' എന്ന് പ്രഖ്യാപിക്കുകയായിരുന്നു പ്രവാചകൻ.

ദൈവദൂതനോട് ചെയ്ത ഈ ബൈഅത്ത് പുതുക്കുക മാത്രമാണ് ഇസ്‌ലാമിക സമൂഹത്തിന് മുമ്പിലെ ഏക രക്ഷാമാർഗം. ●

960201231